## പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2691 | 11.10.2011-ൽ മറുപടിയ്ക്ക്

## <u>കിറ്റ്സിന്റെ മലയാറ്റൂർ സെന്റർ</u>

| ***ചോദ്യം*** | ***ഉത്തരം*** |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള കിറ്റ്സിന്റെ മലയാറ്റൂർ സെന്റർ പ്രവർത്തനക്ഷമമാണോ ; ഇല്ലെങ്കിൽ അവിടെ ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുമോ ; | (എ) അല്ല. പ്രസ്തുത സെന്റർ കിറ്റ്സിന്റെ തന്നെ ഒരു റസിഡൻഷ്യൽ ട്രെയിനിംഗ് ക്യാമ്പായി പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |
| (ബി) പ്രസ്തുത സ്ഥാപനത്തിലെ സ്ഥാവര ജംഗമ വസ്തുക്കളുടെ പത്ത് വർഷത്തെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; പ്രസ്തുത സെന്ററിലെ വസ്തുക്കളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ/ അസറ്റ് രജിസ്റ്ററിന്റെ പകർപ്പ് നൽകുമോ ; | (ബി) ഇല്ല. പ്രസ്തുത സെന്ററിന്റെ സ്ഥാവര ജംഗമ സ്വത്തുക്കളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) അവിടെയുള്ള വസ്തുക്കൾ അന്യാധീനപ്പെട്ടു പോകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (സി) അവിടെയുള്ള വസ്തുക്കൾ അന്യാധീനപ്പെട്ടു പോകാതിരിക്കാൻ കിറ്റ്സിന്റെ എറണാകുളം പള്ളുരുത്തി സെന്ററിലെ ഒരു ജീവനക്കാരനെ പ്രസ്തുത സെന്ററിന്റെ കാര്യങ്ങൾ നോക്കുന്നതിനായി പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്